# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 862 — 30.11.2018 ൽമറുപടിക്ക്

### കുംഭാര സമുദായത്തെക്കുറിച്ചുള്ള പഠനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. എ. കെ. ബാലൻ (പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | കുംഭാര സമുദായത്തെക്കുറിച്ച് KIRTADS എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ആദി ആന്ധ്ര പട്ടികജാതി എന്ന് അവകാശപ്പെടുന്ന കുംബാര സമുദായത്തെ കുറിച്ച് കിർത്താഡ്സ് 1990- ൽ നരവംശ ശാസ്ത്ര റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് . |
| (ബി) | എങ്കിൽ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി | പഠന റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ താഴെപറയുന്ന പ്രകാരമാണ്.<br>• ആദി ആന്ധ്ര പട്ടികജാതി എന്ന് വിദ്യാഭ്യാസ രേഖകളിലും മറ്റു രേഖകളിലും തെറ്റായി ജാതിപ്പേർ ചേർത്ത കുംബാരൻ സമുദായക്കാർക്ക അത് തിരുത്തി ശരിയായ ജാതിപ്പേർ രേഖപ്പെടുത്തി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.<br>• ആദി ആന്ധ്ര പട്ടികജാതി എന്ന് തെറ്റായി ജാതി സർട്ടിഫിക്കറ്റുകൾ നേടി വിദ്യാഭ്യാസ സംവരണ ആനുകൂല്യങ്ങൾ നേടിയവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പഠന റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | • മലബാർ പ്രദേശത്തെ കംബാരൻ സമുദായത്തെ മറ്റു പിന്നാക്ക സമുദായക്കാരുടെ പട്ടികയിൽ നിലനിർത്തിക്കൊണ്ടു തന്നെ പട്ടികജാതിക്കാർക്കനുസരിച്ചുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഈ സമുദായത്തെ "മറ്റർഹസമുദായങ്ങളുടെ"(ഒ ഇ സി ) പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.<br>പ്രസ്തുത നരവംശ ശാസ്ത്ര റിപ്പോർട്ട് പുനഃ പരിശോധിക്കണമെന്നുള്ള കംബാര സമുദായക്കാരുടെ ആവശ്യത്തെ തുടർന്ന് പുനർ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുതപഠനം അന്തിമ ഘട്ടത്തിലാണ്. |

Bindu.T

**സെക്ഷൻ ഓഫീസർ**